**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 326** **23-08-2022 - ൽ മറുപടിയ്ക്ക്**

**തെരുവുനായ്ക്കളുടെ ആക്രമണം തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നഗര മേഖലയുൾപ്പെടെയുള്ള പ്രദേശങ്ങളിൽ തെരുവ് നായ്ക്കളുടെ ആക്രമണം കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തെരുവ് നായ്ക്കളുടെ എണ്ണം കുറയ്ക്കുന്നതിന് അനിമൽ ബർത്ത് കൺട്രോൾ (ഡോഗ്സ്) റൂൾസ് 2001 പ്രകാരമാണ് തെരുവു നായ്ക്കളെവന്ധ്യം കരണം, വാക്സിനേഷൻ, ഷെൽട്ടറിംഗ് എന്നിവ ചെയ്തുവരുന്നു. ടി റൂൾസിലെ (5) പ്രകാരം തെരുവ് നായ്ക്കളുടെ ഷെൽട്ടറിംഗ് ഉറപ്പാക്കുകയും അവയുടെ പരിപാലനം മൃഗസംരക്ഷണ സംഘടനകളുമായി ചേർന്ന് ഉറപ്പാക്കാൻ നഗരസഭകൾ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. തെരുവുനായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിന് പേവിഷബാധ ഉന്മൂലനം ചെയ്യുന്നതിനുമായി ലോകാരോഗ്യ സംഘടന വികസിപ്പിച്ചെടുത്ത പദ്ധതിയാണ് അനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി) പ്രോഗ്രാം. എന്നാൽ നിർവ്വഹണ ഏജൻസിയായ കുടുംബശ്രീയുടെ അനിമൽവെൽഫെയർബോർഡ് ഓഫ് ഇന്ത്യയിലെ രജിസ്ട്രേഷൻ, ഈ മേഖലയിലെ തൊഴിൽ വൈദഗ്ദ്യം എന്നീ മാനദണ്ഡങ്ങൾ പരിശോധിച്ച ബഹു.കേരള ഹൈക്കോടതി ടി വിഷയങ്ങളിലെ ആവശ്യമായ അന്വേഷണം നടത്തുന്നതിനും ആയതിൽ വ്യക്തത വരുന്നത് വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എബിസി പ്രോഗ്രാമിനു വേണ്ടി നിർവ്വഹണ ഏജൻസിയായ കുടുംബശ്രീക്ക് തുക കൈമാറുന്നത് തൽകാലം നിർത്തിവക്കുന്നതിനും നിർദ്ദേശിച്ച് WP(C)13204/2021 പെറ്റീഷനിൽ 19/07/2021 തീയതിയിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികളിലേക്ക് കടന്നിരിക്കുന്ന സാഹചര്യത്തിൽ എബിസി പ്രോഗ്രാമിന് തുക കൈമാറുന്നതിലുള്ള അനിശ്ചിതാവസ്ഥ പരിഹരിക്കുന്നതിന് ഒരു സംവിധാനം ഏർപ്പെടുത്തേണ്ടത് അനിവാര്യമാണ്. |

| | | | |
|---|---|---|---|
| | | | തെരുവുനായകൾക്കായി മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെ അഡോപ്ഷൻ ക്യാമ്പുകൾ രൂപീകരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | തെരുവ് നായ്ക്കളുടെ ശല്യം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തെരുവ് നായ്ക്കളുടെ എണ്ണം കുറയ്ക്കുന്നതിന് അനിമൽ ബർത്ത് കൺട്രോൾ (ഡോഗ്സ്) റൂൾസ് 2001 പ്രകാരമാണ് തെരുവു നായ്ക്കളെവന്ധ്യം കരണം, വാക്സിനേഷൻ, ഷെൽട്ടറിംഗ് എന്നിവ ചെയ്തുവരുന്നു. ടി റൂൾസിലെ (5) പ്രകാരം തെരുവ് നായ്ക്കളുടെ ഷെൽട്ടറിംഗ് ഉറപ്പാക്കുകയും അവയുടെ പരിപാലനം മൃഗസംരക്ഷണ സംഘടനകളുമായി ചേർന്ന് ഉറപ്പാക്കാൻ നഗരസഭകൾ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. തെരുവുനായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിന് പേവിഷബാധ ഉന്മൂലനം ചെയ്യുന്നതിനുമായി ലോകാരോഗ്യ സംഘടന വികസിപ്പിച്ചെടുത്ത പദ്ധതിയാണ് അനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി) പ്രോഗ്രാം. എന്നാൽ നിർവ്വഹണ ഏജൻസിയായ കുടുംബശ്രീയുടെ അനിമൽവെൽഫെയർബോർഡ് ഓഫ് ഇന്ത്യയിലെ രജിസ്ട്രേഷൻ, ഈ മേഖലയിലെ തൊഴിൽ വൈദഗ്ദ്യം എന്നീ മാനദണ്ഡങ്ങൾ പരിശോധിച്ച ബഹു.കേരള ഹൈക്കോടതി ടി വിഷയങ്ങളിലെ ആവശ്യമായ അന്വേഷണം നടത്തുന്നതിനും ആയതിൽ വ്യക്തത വരുന്നത് വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എബിസി പ്രോഗ്രാമിനു വേണ്ടി നിർവ്വഹണ ഏജൻസിയായ കുടുംബശ്രീക്ക് തുക കൈമാറുന്നത് തൽകാലം നിർത്തിവക്കുന്നതിനും നിർദ്ദേശിച്ച് WP(C)13204/2021 പെറ്റീഷനിൽ 19/07/2021 തീയതിയിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികളിലേക്ക് കടന്നിരിക്കുന്ന സാഹചര്യത്തിൽ എബിസി പ്രോഗ്രാമിന് തുക കൈമാറുന്നതിലുള്ള അനിശ്ചിതാവസ്ഥ പരിഹരിക്കുന്നതിന് ഒരു സംവിധാനം ഏർപ്പെടുത്തേണ്ടത് അനിവാര്യമാണ്.<br><br>തെരുവുനായകൾക്കായി മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെ അഡോപ്ഷൻ ക്യാമ്പുകൾ രൂപീകരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | തെരുവുനായ്ക്കളുടെ ആക്രമണത്തിന് ഇരയാകുന്നവർക്ക് ചികിത്സാ ചെലവും മതിയായ നഷ്ടപരിഹാരവും അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ? | (സി) | ബഹു. സുപ്രീം കോടതിയുടെ 05/04/2016-ലെ WPC 599/15 നമ്പർ കേസിന്മേലുള്ള ഉത്തരവു പ്രകാരം നിയമിച്ച റിട്ട. ജസ്റ്റിസ് സിരിജഗൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തെരുവ് നായ |

| | | | |
|---|---|---|---|
| | | | ആക്രമണത്തിന് ഇരയായവർക്ക് നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ